കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-2009-ലെ വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധസമിതിയുടെ പ്രവർത്തനം സംബന്ധിച്ച അധികനിർദേശങ്ങൾ ഉത്തരവാകുന്നു

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ (സാധാ) നം.941/2018/പൊവിവ തിരുവനന്തപുരം, തീയതി 03/03/2018

പരാമർശം:- സ.ഉ (സാധാ) 3779/17/പൊവിവ തീയതി 19-10-2017.

## ഉത്തരവ്

2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പരാമർശം പ്രകാരം ഒരു വിദഗ്ദസമിതി രൂപവത്കരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത സമിതിയുടെ സുഗമമായ പ്രവർത്തനത്തിനായി താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:-

1. വിദഗ്ദസമിതിയിലെ അംഗമായ ഡോ എം.എ ഖാദർ (എസ്.സി.ഇ.ആർ.ടി മുൻ ഡയറക്ടർ) നെ സമിതി ചെയർമാനായി നിയോഗിക്കുന്നു.
2. വിദഗ്ദസമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ ഡിപ്പാർട്ട്മെന്റുകളും സ്ഥാപനങ്ങളും, സംവിധാനങ്ങളും സമയബന്ധിതമായി നൽകേണ്ടതാണ്.
3. സമിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, പ്രവർത്തനങ്ങൾക്ക് സ്റ്റാഫുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിനും, ആവശ്യമായ സൗകര്യമേർപ്പെടുത്താനും സീമാറ്റ് (കേരള) ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.
4. വിദഗ്ധസമിതി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലപരിധി ആറുമാസത്തേക്കു കൂടി നീട്ടി നല്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

ജോയിന്റ് സെക്രട്ടറി

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡോ. എം.എ ഖാദർ (എസ്.സി.ഇ.ആർ.ടി മുൻ ഡയറക്ടർ)

ശ്രീ. ജ്യോതി ചൂഢൻ (റിട്ട സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്) ഡയറക്ടർ മുഖേന.

ഡോ. സി. രാമകൃഷ്ണൻ, പാലാട്ട് ഹൗസ്, പീലിക്കോട് (പി.ഒ), കാസർഗോഡ്.

ഡയറക്ടർ, സീമാറ്റ് (കേരള), തിരുവനന്തപുരം

ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ